മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 39 | THE ONLINE OFFICIAL NEWS BULLETIN | 2021 September 11

തേജസ്കരണകാലം | SEASON OF TRANSFIGURATION

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
12 ♪7	13 ♪3	14 ♪8 	15 ♪3	16 ♪7	17 ♪3	18 ♪7
4th Sunday after Shunoyo		✝ Ido daslibo qadiso The Feast of Holy Cross	109th Anniversary of the Establishment of Catholicate in Malankara			



ப. കാതോലിക്ക ബാവയുടെ പേരിൽ പരുമല ആശുപത്രിയിലെ കാർഡിയോളജി ബ്ലോക്ക് പത്മഭൂഷൺ കെ. എസ്. ചിത്ര നാടിന് സമർപ്പിച്ചു

പരുമല: പ. കാതോലിക്ക ബാവയുടെ പേരിൽ പരുമല ആശുപത്രിയിലെ കാർഡിയോളജി ബ്ലോക്ക് പത്മഭൂഷൺ കെ. എസ്. ചിത്ര നാടിന് സമർപ്പിച്ചു. കുര്യാക്കോസ് മാർ ക്ലിമ്മീസ് അധ്യക്ഷത വഹിച്ചു. മലങ്കര ഓർത്തോഡോക്സ് സഭയിലെ മെത്രാപ്പോലീത്തമാർ, വൈദിക ട്രസ്റ്റി ഫാ ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ആശുപത്രി സി.ഇ.ഒ. ഫാ. എം. സി പൗലോസ്, ഡോ. മാത്യൂ ജോസ്, ഡോ. മഹേഷ് നളിൻകുമാർ, ഡോ. സാജൻ അഹമ്മദ് എന്നിവർ ആശംസ അറിയിച്ചു. ലോക ഹൃദയദിനത്തോടനുബന്ധിച്ചു 100 രോഗികൾക്ക് കുറഞ്ഞനിരക്കിൽ ആൻജിയോപ്ലാസ്റ്റിയും, 25 ഹൃദയ ശസ്ത്രക്രിയയും ചെയ്തു നൽകുന്ന പദ്ധതിയുടെ പ്രഖ്യാപനം ഉണ്ടായി.


കൂടാതെ ലോക വാർദ്ധക്യ ദിനത്തോടനുബന്ധിച്ച് ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ 65 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകൾക്ക് സൗജന്യ ഹൃദയ പരിശോധനയും നടത്തുന്നതാണ്.

ക്യാൻസർ രോഗികൾകും, രോഗം ഭേദമായവർക്കും, അവരുടെ ചികിത്സയിലും, പിന്നീട് ഉണ്ടാവാനിടയുള്ള ഹൃദയസംബന്ധമായ പ്രശ്നങ്ങൾ നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, ചികിത്സിക്കാനുള്ള നൂതന മാർഗങ്ങൾ സ്വീകരിക്കുന്നതിനായി കാർഡിയോ-ഓങ്കോളജി സേവനം പുതുതായി പരുമല ആശുപത്രിയിൽ ആരംഭിക്കുന്നു.

പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറി യൂഹാനോൻ മാർ ദിയസ്കോറോസ് നന്ദി അർപ്പിച്ചു.



കോട്ടയം ഭദ്രാസനത്തിലെ തിരുവാർപ്പ് മർത്തശ്മൂനി ഓർത്തഡോക്സ് പള്ളിയിൽ വാങ്ങിപ്പോയവരുടെ കബറിങ്കൽ നടന്ന ധൂപപ്രാർത്ഥനയ്ക്ക് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നേതൃത്വം നൽകുന്നു.




ജ്യോതിസ് ആശ്രമ വാർഷികവും ഇടവക പെരുന്നാളും സമാപിച്ചു

അബു റോഡ്: രാജസ്ഥാനിലെ ജ്യോതിസ്സ് ആശ്രമത്തിന്റെ വർഷികത്തിനും ഇടവക പെരുന്നാളിനും സമാപനമായി. പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദിമിത്രയോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നിവർ നേതൃത്വം നൽകി. വി. കുർബാനയ്ക്ക് ഡോ. യൂഹാനോൻ മാർ ദിമത്രയോസ് മുഖ്യ കാർമികത്വം വഹിച്ചു. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഫീലിപ്പോസ് റമ്പാൻ, ദൽഹി ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ, അഹമ്മദാബാദ് ഭദ്രാസന സെകട്ടറി ഫാ. ജെയിംസ് ഗീവർഗ്ഗീസ്, ഫാ. ജോസ് ചെമ്മൺ, ഫാ. എബി ചാക്കോ തുടങ്ങിയവർ സഹകാർമ്മികരായി.

സുമനസ്സുകളുടെ പ്രാർത്ഥനാപൂർവ്വമായ സഹായത്താലും സഹകരണത്തിലും കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം,പെൻഷൻ, ബോധവൽക്കരണ ക്ലാസ്സുകൾ,കോവിസ് പ്രതിരോധ പ്രവർത്തന സഹായം, ഡയാലിസിസ് ഉൾപ്പെടെ ആശ്രമം നടത്തുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ വിശദീകരിച്ചു.

ആരാധനാ കലണ്ടർ

സ്ലീബാ കാലം: കർത്താവിന്റെ രണ്ടാമത്തെ വരവിനു വേണ്ടിയുള്ള കാത്തിരിപ്പ്



ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

"സ്ലീബാ വാഴുക സ്വർഗ്ഗത്തിൽ
സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ-
ക്കെല്ലാമാകണമേ കോട്ട."

പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനാവർഷത്തിലെ അവസാന കാലഘട്ടമായ ഏഴാമത്തെ കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണല്ലോ നാം. ഈ ഏഴാമത്തെ കാലത്തെ സ്ലീബാകാലം, യുഗാന്ത്യകാലം എന്നെല്ലാം അറിയപ്പെടുന്നു. സെപ്റ്റംബർ 14-ാം തീയതി, രക്ഷാകരമായ സ്ലീബാ പെരുന്നാളിൽ ആരംഭിക്കുകയും അടുത്ത ആരാധനാവർഷത്തിന്റെ കൂദോശ് ഈത്തോ ഞായറാഴ്ചയുടെ തലേദിവസം വരെ നീണ്ടുനിൽക്കുന്ന ഈ കാലഘട്ടത്തിൽ, സെപ്റ്റംബർ 14 മുതൽ ഒക്ടോബർ 30 വരെ ഏഴ് ആഴ്ചകൾ ഉണ്ട്. ഈ വർഷം 2021-ൽ ആരാധനാവർഷം തുടങ്ങുന്നത് ഒക്ടോബർ 31 ഞായറാഴ്ചയാണ്.

എല്ലാ വർഷവും സെപ്റ്റംബർ 14-നു ആണ് സഭ സ്ലീബാ പെരുന്നാൾ ആഘോഷിക്കുന്നത്. ചരിത്രപരമായി പറഞ്ഞാൽ എ.ഡി. 326-ൽ ആണ് കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞിയുടെ നേതൃത്വത്തിൽ കർത്താവിന്റെ സ്ലീബാ കണ്ടെടുക്കുന്നത്. 335-ൽ ആദ്യമായി സ്ലീബായുടെ നാമത്തിൽ ഉള്ള കത്തീഡ്രൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ സഹായത്താൽ ഹെലിനി രാജ്ഞി പണിതുയർത്തി. അപ്പോൾ നാലാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം മുതലുള്ള ചരിത്രത്തിലെ ഒരു കാലഘട്ടത്തെ കൂടെയാണ് ഈ കാലഘട്ടം സ്മരിക്കുന്നത്. ഈ കാലം ഇപ്പോഴും മുന്നോട്ടു പോവുകയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ആണ് ഈ കാലം അതിന്റെ പൂർണ്ണതയിൽ എത്തുന്നത്. അങ്ങനെ നാം ഏഴു കാലങ്ങളിൽ നിർത്തുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ എട്ടാം കാലം പുതിയ കാലം ആരംഭിക്കുന്നു.

ഈ കാലഘട്ടം മുതൽ അഥവാ സ്ലീബാ പെരുന്നാൾ മുതൽ സ്ലീബായുടെ നമസ്കാരം ആണ് നാം നടത്തുന്നത്. സ്ലീബാ പെരുന്നാളിന്റെ തലേ ഞായറാഴ്ച വരെയും നാം ക്യംതായുടെ നമസ്കാരം ആയിരുന്നു നടത്തിയത്. അങ്ങനെ ഈ കാലഘട്ടം മുതൽ ആരാധനയിൽ ഒരു പുതിയ ക്രമീകരണം ആരംഭിക്കുന്നു. സ്ലീബായെ ധ്യാനിച്ചുകൊണ്ടുള്ള ഈ കാലത്തിൽ നാം പ്രത്യേകമായി കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും, യുഗാന്ത്യത്തെക്കുറിച്ചും ധ്യാനിക്കുന്നു. കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്നും കള്ളൻ എപ്പോൾ വരുന്നു എന്ന് വീട്ടുടമസ്ഥൻ അറിയായ്കയാൽ ഉണർന്നിരിക്കണമെന്നും, അതിനാൽ കർത്താവിന്റെ രണ്ടാമത്തെ വരവിനായി എപ്പോഴും നാം ഒരുങ്ങിയിരിക്കണമെന്നും ഈ കാലഘട്ടത്തിലെ വേദഭാഗങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏഴു കാലഘട്ടത്തിന്റെ ഈ പ്രയാണം നാം ആരംഭിച്ചത് കർത്താവിന്റെ ജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഏഴു ഭാഗങ്ങൾ പ്രപഞ്ചത്തിന്റെ ആരംഭത്തിൽ നിന്നു തുടങ്ങി കർത്താവിന്റെ രണ്ടാമത്തെ വരവു വരെയുള്ള കാലഘട്ടത്തെയാണ് അനുസ്മരിക്കുന്നത് എന്ന് നാം ഓർക്കണം. അപ്പോൾ ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തിൽ നിന്ന് ആരംഭിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിനും ആ പുതിയ ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു എന്ന അടിസ്ഥാന വിശ്വാസപ്രമാണത്തിന്റെ പശ്ചാത്തലം നമുക്ക് കാണുവാൻ കഴിയും. വേദപുസ്തകത്തിന്റെ ക്രമത്തിലും ഇതുതന്നെയാണല്ലോ ഉൽപ്പത്തി പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം കാണുന്നത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അവിടം മുതൽ ഉൽപത്തി ചരിത്രം യിസ്രായേലിന്റെ തിരഞ്ഞെടുപ്പ്, അവരുടെ യാത്രകൾ, ന്യായാധിപന്മാരിലൂടെ, രാജാക്കന്മാരിലൂടെ, പ്രവാചകന്മാരിലൂടെ ഒക്കെ അവരെ ഒരുക്കി, ആ ഒരുക്കപ്പെട്ട വയലിൽ കാലത്തികവിൽ ദൈവം മനുഷ്യനായി കന്യകയിൽ നിന്ന് ജനിക്കുന്നു. തന്റെ മനുഷ്യാവതാര കർമ്മം അദ്ദേഹം പൂർത്തീകരിക്കുന്നു. അവൻ വീണ്ടും വരും എന്ന് അരുളിച്ചെയ്തുകൊണ്ട് ആ ദൗത്യങ്ങൾ പരിശുദ്ധാത്മാവിലൂടെ പരിശുദ്ധ സഭയിലെ കൂദാശകളിലേക്ക് ഏൽപിച്ചിട്ട് തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നു. ഈ യാഥാർത്ഥ്യം നമുക്ക് അറിയാവുന്നതാണ്. അതുകൊണ്ട് തന്നെ ഈ സഭയുടെ ചരിത്രം സുവിശേഷങ്ങളിലൂടെ, അപ്പോസ്തോലിക പ്രവർത്തികളിലൂടെ, തുടർന്നുള്ള ലേഖനങ്ങളിലൂടെ എല്ലാം വിവക്ഷിച്ചു മുന്നോട്ടു പോകുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിലേക്കുള്ള പ്രാർത്ഥനയായിട്ട് വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നു. വെളിപ്പാട് പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ (22-ാം അദ്ധ്യായം 20, 21 വാക്യങ്ങൾ) നാം കാണുന്നത് 'കർത്താവായ യേശുവേ വേഗം വരേണമേ' എന്ന പ്രാർത്ഥനയോടെയാണ് അവസാനിക്കുന്നത്. തുടർന്നുള്ളത് ആശംസാവാചകമായ നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളിലെല്ലാവരിലും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ എന്നു പറഞ്ഞുകൊണ്ടാണ് ആ ഭാഗം അവസാനിക്കുന്നത്. അതുകൊണ്ടാണ് ഈ കാലത്തെ, സ്ലീബാ കാലത്തെ രണ്ടാമത്തെ വരവിനുവേണ്ടിയുള്ള നോക്കിപ്പാർക്കുന്നതിന്റെ കാലമായിട്ട് നാം ഗണിക്കുന്നത്. അതുപോലെ തന്നെ ആ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിനെയാണ് the escatological hope of the Holy Church എന്നു പറയുന്നത്.

യുഗാന്ത്യം എന്നു പറയുന്നത് അവസാനമല്ല, ഒരു പുതിയ യുഗത്തിലേക്കുള്ള ആരംഭമാണ്. ഉൽപത്തി പുസ്തകം മുതൽ നാം കാണുന്ന ഒന്നാണ് എട്ടാം നാളിലെ പരിച്ഛേദന എന്ന ക്രമം. ഉൽപത്തി പുസ്തകത്തിൽ അബ്രഹാം മുതലും പുറപ്പാടു പുസ്തകത്തിൽ മോശയുടെ കാലഘട്ടത്തിലും ഇസ്രായേൽ മക്കൾക്ക് മുഴുവൻ എട്ടാം നാളിൽ പരിച്ഛേദന നൽകുന്നുണ്ട്. ആ എട്ടാം നാൾ, അത് എട്ടാമത്തെ ഒരു കാലമാണ്. ആഴ്ചവട്ടത്തിന്റെ എട്ടാം നാൾ എന്ന വിവക്ഷ നാം കാണുന്നുണ്ട്. ആഴ്ചവട്ടത്തിന്റെ എട്ടാം നാൾ എന്നു നാം പറയുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തന്നെയാണ്. അത് പ്രപഞ്ചം ആരംഭിച്ച ദിവസമാണ്. ഞായറാഴ്ചയിലാണ് പ്രപഞ്ചം ആരംഭിക്കുന്നത് എന്ന് നാം മനസ്സിലാക്കുന്നു. അതുപോലെതന്നെ ഈ ഒന്നാം ദിവസം ആണ് കർത്താവിന്റെ പുനരുത്ഥാനം നടന്നത്. ആഴ്ചവട്ടം കഴിഞ്ഞുള്ള ഒന്നാം നാൾ എന്നു പറയുന്നതിനെ എട്ടാം നാൾ എന്നു കൂടെ നാം വിവക്ഷിക്കുന്നു. ശ്ലീഹന്മാർ കർത്താവിനെ കാത്തിരുന്നതും കർത്താവ് അവർക്ക് പ്രത്യക്ഷപ്പെട്ടതും ഒക്കെ ഈ പുനരുത്ഥാനത്തിന്റെ സുദിനമായ പുതിയ യുഗപിറവിയുടെ സുദിനമായ എട്ടാം നാളിലാണ് എന്നും നാം ഓർക്കണം. അതുകൊണ്ട് ഈ സ്ലീബാകാലം എന്നു പറയുന്ന കാലഘട്ടം കർത്താവിന്റെ രണ്ടാമത്തെ വരവുവരെ നീണ്ടുനിൽക്കുന്നതും അടുത്ത കാലഘട്ടത്തിലേക്കുള്ള ഒരു കാത്തിരിപ്പിന്റെയും ഒരുക്കത്തിന്റെയും കാലം കൂടിയാണ്.

വാത്സല്യ മക്കളെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ 108-ാം വാർഷികം സെപ്റ്റംബർ 15-ാം തീയതി സഭ ആകമാനം ആഘോഷിക്കുവാൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൽപനയിലൂടെ ആഹ്വാനം ചെയ്തിട്ടുണ്ടല്ലോ. ഈ ദിനം നമ്മുടെ സഭയിലെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, കാതോലിക്കേറ്റ് പതാക ഉയർത്തുകയും സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്യണം. **പതിറ്റാണ്ടുകൾ നീണ്ടുനിന്ന തർക്കങ്ങളുടെയും വ്യവഹാരങ്ങളുടെയും പരിസമാപ്തിയാണ് 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധിയിലൂടെ സംജാതമായിരിക്കുന്നത്. ഇടവകജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഭരണഘടനയാണ് 1934-ലെ മലങ്കര സഭാ ഭരണഘടന. ഇടവകജനങ്ങൾക്ക് ഇടവകഭരണത്തിൽ ഇത്രയും കൂടുതൽ ഇടപെടൽ ഉറപ്പു വരുത്തുന്ന മറ്റൊരു ഭരണഘടനയും നിലവിലില്ല. ഇത് അംഗീകരിക്കുന്നതിലൂടെ സഭയിൽ ശാശ്വത സമാധാനത്തിന് ഇടയാകും. അത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.**

പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും ഭാരതത്തിന്റെ കാവൽപിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ സർവ്വ പൂർവ്വ പിതാക്കന്മാരുടെയും പ്രത്യേകാൽ മാർ ഗീവർഗീസ് സഹദായുടെയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ദീവന്നാസിയോസ് എന്നീ പിതാക്കന്മാരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കാവലുമായിരിക്കട്ടെ.

❑

ചരിത്രരേഖകൾ

മലങ്കര ഓർത്തഡോക്സ് സഭ: സുന്നഹദോസ് നിശ്ചയങ്ങൾ

മാവേലിക്കര പടിയോല

ആ പടിയോലയുടെ പകർപ്പ്:

ബാവായും പുത്രനും റൂഹാദകുദിശയുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ പള്ളികൾ അവയൊക്കെയുടെയും മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്കരപ്പെട്ടിരിക്കുന്ന ബാവാന്മാരുടെ ബാവായും തലവരുടെ തലവനും ആയ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചകീഴ് മലങ്കര യാക്കോബായ സുറിയാനി പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തിരവൻ മാർ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽ ഉൾപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വിഗാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മിശിഹാകാലം 1836-ക്കു ചേർന്ന കൊല്ലം 1011-ാമാണ്ടു മകര മാസം 5-നു തമ്പുരാനെപെറ്റ കന്യാസ്ത്രീയമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ചു നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലോർഡ് ബിഷപ്പ് ദാനിയേൽ അവർകൾ കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്നു മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനി പള്ളികളിൽ നടന്നുവരുന്ന കുർബ്ബാന, നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസം വരുത്തി നടക്കണമെന്നും പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായി വിചാരിച്ചു നിശ്ചയിച്ചു ബോധിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞിരിക്കുന്ന സംഗതിക്കു.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോക്യായുടെ പാത്രിയർക്കീസിന്റെ വാഴ്ചകീഴ് ഉൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേൽപട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതും ആകയാൽ ആയതിനു വേറൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ വേറൊരു മതക്കാർ അറിവിക്കുകയും പഠിപ്പിക്കുകയും ചെയ്ക ഒരുത്തർക്കും അധികാരമില്ലാത്തതിനാൽ ആയതിൻവണ്ണം നടത്തിക്കയും ചെയ്യുന്നതിനും നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കൽപനയാൽ അയക്കപ്പെട്ടിരുന്ന മേൽപട്ടക്കാരുടെ സഹായത്താലും അതാത് ഇടവകയിലുള്ള ജനങ്ങളുടെ മനസാലും പണിയിക്കപ്പെട്ടു. അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട് ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടു നടക്കുന്ന നടവരവുകൾ അന്ത്യോക്യായിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലും ഉള്ള അന്യ മതക്കാരുടെ പള്ളികളിലും നടന്നുവരുന്നപ്രകാരം നമ്മളുടെ പള്ളികളുടെ കണക്കു നമ്മുടെ മേൽപട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ചട്ടംകെട്ടി നടന്നുവരുന്നതിന്മണ്ണം അല്ലാതെ വ്യത്യാസമായിട്ടു നടക്കുന്നതിനും നടത്തുന്നതിനും നമുക്കു അധികാരവും സമ്മതവുമില്ല.

കൊല്ലം 813-മാണ്ടു കാലം ചെയ്ത വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടു ബഹുമാനപ്പെട്ട കേണൽ മക്കാളി സായ്പ് അവർകൾ 3000 പൂവരാഹൻ കടം വാങ്ങി കടമുറി എഴുത്തും കൊടുത്തു പലിശ പറ്റിവന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം കൊല്ലം 900-മാണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹുമാനപ്പെട്ട കേണൽ മൺറോ സായ്പ് അവർകളെ ബോധിപ്പിച്ചു വാങ്ങിച്ചു കോട്ടയത്തു സിമ്മനാരി പണിയിച്ചു മുൻ അന്ത്യോക്യയിൽ നിന്നും വന്നിരുന്ന മേൽപട്ടക്കാർ കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തു തറവാട്ടിൽ കഴിഞ്ഞ മേൽപട്ടക്കാരുടെ വസ്തുവകകളും സിമ്മനാരിയിൽ വരുത്തി ആ വകയിൽ ഏതാനും ദ്രവ്യവും സുറിയാനി പൈതങ്ങൾക്കുവേണ്ടി ധർമ്മമായിട്ടു തമ്പുരാൻ തിരുമനസു കൊണ്ടു കല്പിച്ചു തന്നിരുന്ന രൂപായും കാണമിട്ടു പഠിച്ചുവരുന്ന പൈതങ്ങളുടെ ചിലവു കഴിക്കയും അവരുടെ ധാരാളമായ കൃപകൊണ്ടു തന്നെ കോട്ടയത്തു വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിഷണറി സായിപ്പന്മാരവർകൾ ഈ സിമ്മനാരിയിൽ വന്നു ഇംഗ്ലീഷ് മുതലായ ഭാഷകളും കൂടെ പഠിപ്പിച്ചു ദയയുള്ള പിതാക്കന്മാരെ പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ടു പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും നമ്മുടെ പള്ളികളിൽ നടന്നുവരുന്ന സുറിയാനി മര്യാദപോലെ നടക്കുന്നതിനു സായ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്കയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുശീട്ടു എഴുതിക്കൊണ്ടു വാങ്ങിച്ചു ചിലവിട്ടു സിമ്മനാരി ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കയും ഇങ്ങനെ നടന്നുപോയ പ്രകാരവും മേല്പട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കയും ചെയ്തു



വരുമ്പോൾ മെത്രാപ്പോലീത്തായെ സിമ്മനാരി ഇടപെട്ട കാര്യങ്ങളെ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റുശീട്ടിൻപ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായ്പന്മാരു തന്നെ ചിലവിടുകയും പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽ നിന്നും പിരിച്ചയയ്ക്കയും നമ്മുടെ മതമര്യാദയ്ക്കു വിരോധമായിട്ടു വിചാരിക്കയും തമ്മിൽ ഛിദ്രങ്ങൾ ഉണ്ടാക്കുകയും ചെയ്തുവരുന്നതു ഏറ്റവും സങ്കടവും ബുദ്ധിമുട്ടും ആയിട്ടു തീർന്നിരിക്കുന്നതിനാൽ എന്നേക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാകപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാതി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവളും ആയ തമ്പുരാനെപെറ്റ അമ്മയുടെ നമസ്കാരത്താലെയും ശുദ്ധമാകപ്പെട്ടവർ ഒക്കെയുടെയും നമസ്കാരങ്ങളാലെയും നാം രക്ഷപെടേണ്ടുന്നതിനു സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്വത്തിലും ക്രമവിശ്വാസത്തിലും അല്ലാതെ വേറെ യാതൊരു പഠിത്വവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചു കൈക്കൊള്ളുന്നില്ല. ഇവമേൽ ബാവായും പുത്രനും റൂഹാദക്കുദിശായും സാക്ഷി. ആമ്മീൻ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ (1876)

1. മിഥുനം 17-ാം തീയതി രാവിലെ പത്തു മണിക്ക് കൂടി. പിതാവിന്റെ കല്പനയ്ക്കു മറുപടി വായിച്ചു തിരുമുമ്പാകെ വച്ചു. അന്ത്യോഖ്യായുടെ സിംഹാസനത്തുങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതെ യിരിപ്പാൻ അതാതു ഇടവകക്കാർ എല്ലാവരും കൂടി ഒരു കരാർ ആധാരം എഴുതി രജിസ്ട്രാക്കി പള്ളി മേമ്പൂട്ടിൽ വയ്ക്കുവാനും ഓരോ പകർപ്പ് രജിസ്ട്രാറുടെ കയ്യൊപ്പോടും മുദ്രയോടും കൂടി പിതാവിനു കൊടുപ്പാനും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

2. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരിച്ചും ഇരിക്കുമെന്നുള്ളതിനു മുഖ്യമായിട്ടു അതാതിടവകയിൽ കൂടിവരുന്ന വീട്ടുകാറരുടെ വീട്ടുപേരും കാരണവരുടെ പേരും - ആണിത്ത്ര, പെണ്ണിത്ത്ര, ആകെ ഇത്ത്ര - എന്നും കാരണവരുടെ ഒപ്പും വിശ്വാസസ്ഥിതിയും കാണിക്കുന്നതായ ഒരു പട്ടിക കൂടുന്നിടത്തോളം വേഗം എടവക പട്ടക്കാർ മുഖാന്തിരം വിശുദ്ധ പിതാവിന്റെ തിരുമുമ്പാകെ എത്തിക്കേണ്ടതിനു അച്ചടിമാതിരി ബുക്ക് ഇപ്പോൾ തന്നെ കൊടുത്തയക്കുന്നത് നല്ലതെന്നും അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉപയോഗമായി വരുന്നതു കൂടാതെ സിംഹാസനത്തുങ്കലെ റെശ്ശീസ്സാ വക മുതൽ വസൂൽ ചെയ്യുവാൻ ഒരു കണക്കിനും കൂടി ഉപയോഗപ്പെടുന്നതാണെന്നു യോഗം നിശ്ചയിച്ചു ഉറപ്പിച്ചു.

3. സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിലെ സ്ഥിരതയ്ക്കു വേണ്ടി ആവശ്യപ്പെട്ട കാനോനും നടപടിയും അടങ്ങിയതായ പുസ്തകം സുറിയാനിയിലോ മലയാളത്തിലോ കല്പനപ്രകാരം അച്ചടിച്ചു മുദ്രയോടു കൂടി ഓരോ പുസ്തകം എല്ലാ പള്ളിയിലും കൊടുത്തു അതിൻപ്രകാരം അല്ലാതെ മേൽനടപ്പാൻ പാടില്ലെന്ന് വച്ചാൽ അത്രയും നല്ലതെന്ന് നിശ്ചയിച്ചു ഉറപ്പിച്ചു.

4. മാമോദീസാ, വിവാഹം, ശവമടക്കൽ ഈ വകയ്ക്ക് പ്രത്യേകം പ്രത്യേകം മാതിരിപ്രകാരം കള്ളി വരച്ചതായ മൂന്നു പുസ്തകം എല്ലാ എടവകയിലും വെയ്ക്കേണ്ടതും അതിൽ മേൽപറഞ്ഞവ അതാതു സമയം എഴുതിക്കൊള്ളുവാൻ വികാരിമാരെ ചുമതലക്കാറരാക്കേണ്ടതും ആ വക പുസ്തകങ്ങളിൽ അന്നു ഭരിക്കുന്ന മെത്രാന്മാരുടെ മുദ്ര കുത്തിയിരിക്കേണ്ടതും ആകുന്നു. ഈ മൂന്നു പുസ്തകങ്ങൾ എടവകയിലുള്ള ജനങ്ങളുടെ വിശ്വാസസ്ഥിരതയ്ക്കു സാക്ഷിയായി വരുന്നതാകയാൽ ഇതിനെ യോഗം ഉറപ്പിച്ചു.

5. വിരുദ്ധങ്ങൾ നീങ്ങി അയികമത്യവും സമാധാനവും വർദ്ധിക്കുന്നതിനുള്ള തടസ്സങ്ങൾ; വിശ്വാസത്തിൽ സ്ഥിരതയില്ലായ്മ, ചൊല്ലുവിളി ഇല്ലായ്ക, പൊതുകാര്യ ഗുണദോഷങ്ങളെ കുറിച്ചു ചിന്തിക്കുന്നതിനു ചുമതലക്കാറരില്ലായ്ക, പൊതുമുതൽ ഇല്ലായ്ക ഇതുകളാണ്. ഇതിൽ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും



ചൊല്ലുവിളിക്കും ചില പ്രതിവിധികൾ മേൽ പ്രസ്താവിച്ചിട്ടുള്ളതു കൂടാതെ ശേഷം വേണ്ടതിനു വഴി ഉറയ്ക്കുമ്പോൾ വിരുദ്ധങ്ങൾ ഒഴിഞ്ഞും അയികമത്യവും സമാധാനവും വർദ്ധിച്ചും വരുന്നതാകുന്നു.

ആ വക പ്രതിവിധികൾ ഏതെല്ലാമെന്നാൽ

6. ഇപ്പോൾ നമ്മുടെ പള്ളികളിൽ ഉണ്ടായിരിക്കുന്ന വിരുദ്ധങ്ങൾ മതസംബന്ധമായും മുതൽ സംബന്ധമായും അധികാര സംബന്ധമായും ഉള്ള ചില തർക്കങ്ങൾ നിമിത്തം വന്നിരിക്കുന്നതാകയാൽ ഇതിലേക്കു അതാതു എടവകക്കാരാൽ മാത്രം നിർവ്വഹിപ്പാൻ പ്രയാസവും ബലഹീനതയും ആയിട്ടു തീർന്നിരിക്കയാൽ മേലാൽ എവിടെ എങ്കിലും മേൽപ്പറഞ്ഞ ഏതിലും ഉത്ഭവിക്കുന്ന സമാധാന വിരോധത്തെക്കുറിച്ചു യോഗം കൂടി ആലോചിച്ചു ന്യായമായി തീർച്ച ഉണ്ടാക്കുകയും ഇവകൾ ഏതൃകക്ഷികളിൽ നിന്നുണ്ടാകുന്നതായിരുന്നാൽ അതിലേക്കു ആവിശ്യപ്പെടുന്ന മുതൽ ചിലവോ, വ്യവഹാരമോ പൊതുവിൽ നിന്നു നടത്തി നിർവ്വഹിക്കേണ്ടതു ആവിശ്യമാകുന്നു.

7. മേല്പറഞ്ഞ പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും, അതിൽ നിന്നുള്ള വിശേഷ ഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവെ ഉണ്ടാക്കുന്നതിനും എന്തു മാർഗ്ഗമെന്നു ചിന്തിക്കുന്നതു എത്രയും ആവിശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർല്ലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽ നിന്നു തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നു. അതിലേക്കു ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിനു സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരും അതിൽ ഇപ്പഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പെയിറ്റ്റനും, ഭരിക്കുന്ന മെത്രാപോലീത്താ പ്രസിഡന്റും ആയിരിക്കേണ്ടതും, ഇതിലേക്കു ചേരപ്പെടുന്ന ജനങ്ങൾ നാലു ക്ലാസ്സായിട്ടും, ഒന്നാം ക്ലാസ്സു നൂറീതു രൂപായും, രണ്ടാം ക്ലാസ്സ് അമ്പതീതു രൂപായും, മൂന്നാം ക്ലാസ്സു ഇരുപത്തഞ്ചീതു രൂപായും നാലാം ക്ലാസ്സു പതുപ്പത്തു രൂപായും, പള്ളി ഒന്നുക്ക് അഞ്ഞൂറു രൂപാ മുതൽ കീപ്പോട്ട് താരതമ്യപ്രകാരവും പ്രവേശന പീസ്സു കൊടുത്തു ചേരേണ്ടതും, തൽക്കാലം മുതൽ ഹാജരില്ലെങ്കിൽ തിങ്ങളിൽ നൂറ്റുക്കു ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹ സിക്രട്ടറിക്കു കടപ്പത്രം എഴുതികൊടുക്കേണ്ടതും കൊള്ളാമെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

8. മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിക്കു എതിരായ ശക്തി ഇല്ലായ്ക നിമിത്തം സഭയ്ക്കു ദോഷം സംഭവിച്ചിരിക്കയാൽ മേല്പറഞ്ഞ സമൂഹം സ്ഥിരപ്പെടുത്തുന്നതു എത്രയും ആവിശ്യവും അവരെല്ലാംകൂടി കാര്യങ്ങൾ നടത്തുന്നതിനു പ്രയാസവും ആകയാൽ ഇതിൽ കൂടിയിരിക്കുന്ന പട്ടക്കാററിൽ നിന്നു എട്ടും, ഒന്നാം ക്ലാസ്സിൽ നിന്ന് അയ്മേനികൾ പതിനാറും ഭരിക്കുന്ന മെത്രാപൊലീത്താ പ്രസിഡണ്ടും കൂടിയതായ ഒരു പ്രധാന കമ്മട്ടിയും അതിലേക്ക് മാസപ്പടി കൊടുത്ത് നിശ്ചയിക്കേണ്ട ഒരു സിക്രട്ടെറിയും, ജാമ്യം സ്ഥിരപ്പെടുത്തി വരുന്നതായ ഒരു സ്രാപ്പും വേണ്ടുന്നതും, ജാതിയുടെ പൊതുവിലേക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹ സംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാര്യകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവേ സിദ്ധിക്കുന്നതും ആകയാൽ ആ വകയ്ക്കു കൊള്ളാകുന്നവരും, പൊതുകാര്യത്തിലേക്ക് താല്പര്യമുള്ളവരും ആയി മേല്പറഞ്ഞ പട്ടക്കാറരേയും, അയ്മേനികളേയും ഈ സുന്നഹദോസിൽ വച്ചു തന്നെ സ്ഥിരപ്പെടുത്തുന്നതു ആവശ്യമെന്നു യോഗം നിശ്ചയിച്ചുറപ്പിച്ചു.

ഇവിടെ കമ്മട്ടിക്കാരെ യോഗം നിശ്ചയിച്ചു അവരെ പിതാവ് അനുഗ്രഹിക്കുകയും അവരുടെ പേരു താഴെ ചേർക്കുകയും ചെയ്യുന്നു.

മാവേലിക്കര പള്ളിയിൽ വടക്കേതല്ക്കു അലക്കുസന്ത്രയോസ്സു കത്തനാരു, പുതുപ്പള്ളി പള്ളിയിൽ എളന്തുരുത്തിൽ പീലിപ്പോസ്സു കത്തനാരു, വാകത്താനത്തു പള്ളിയിൽ വള്ളിക്കാട്ടു പൗലോസ്സു കത്തനാരു, നീലംപേരൂർ പള്ളിയിൽ മാലിത്ത്ര ഏല്യാസ്സു കത്തനാരു, കോട്ടൂർ പള്ളിയിൽ മുറിമറ്റത്തിൽ പൗലോസ്സു കത്തനാരു, കണ്ടനാട്ടു പള്ളിയിൽ കരോട്ടു വീട്ടിൽ ശീമഓൻ കോറി, മുളന്തുരുത്തി പള്ളിയിൽ ചാലപ്പുറത്തു കോറി, തെക്കൻപറവൂർ പള്ളിയിൽ തോപ്പിൽ ലൂക്കോസു കത്തനാരു, കുന്നംകുളങ്ങരെ പനെയ്ക്കൽ പാത്തപ്പൻ അയിപ്പൂരു, കോട്ടയത്തു കുന്നുംപുറത്തു കോര കുര്യൻ, കണ്ടനാട്ടു തുകലൻ മാത്തു പൗലോസ്സു, മുളന്തുരുത്തിയിൽ ചാലിൽ ഔസേപ്പു ചെറിയ,

കുറുപ്പുംപടിക്കൽ കല്ലറയ്ക്കൽ കോര കുഞ്ഞുവർക്കി, നെരണത്തു എലഞ്ഞിക്കൽ മാത്തു ചാക്കോ, കുമരകത്തു മുറിപ്പുരയ്ക്കൽ പോത്തൻ കുരുവിള, ഒളശയിൽ കളപ്പുരയ്ക്കൽ ചാക്കോചെറിയാൻ, കുമരങ്കരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ, പള്ളത്തു എടത്തുംപടിക്കൽ തൊമ്മൻ കുര്യൻ, പുതുപ്പള്ളിൽ കൊച്ചുപാറേട്ടു ഇട്ടിയവിരാ കത്തനാരു കൊച്ചുവർക്കി, മാമ്മലശ്ശേരിൽ എടയത്തു വർക്കി ചെറിയ, പുത്തൻകാവിൽ കൊല്ലൻപറമ്പിൽ കുഞ്ഞേന ഈപ്പൻ, പാമ്പാക്കുടെ പുത്തൻപുരയിൽ മാത്തൻ കുഞ്ഞിക്കോര, മുളന്തുരുത്തിൽ ചാത്തുരുത്തിൽ മത്തായി വർക്കി, അങ്കമാലി നെടുമ്പാശേരി വൈലിപ്പറമ്പിൽ മാത്തു ഇട്ടൂപ്പ്.

9. മേൽ നിശ്ചയിച്ച വക മുതൽ കൂടാതെ വേറിട്ടും മുതൽ ഉണ്ടാക്കുക, വർദ്ധിപ്പിക്കുക, സബ് കമ്മട്ടി ഉണ്ടാക്കുക മുതലായ സകല ഗുണീകരണ പ്രവൃത്തിക്കും മേൽകമ്മട്ടിക്കാർക്കു സ്വാതന്ത്രീയാധികാരം കൊടുക്കേണ്ടതും കൊല്ലംതോറും സമൂഹം കൂടി കമ്മട്ടിക്കാരുടെ സകല വരവു ചെലവിന്റേയും മറ്റു നടത്തകളുടെയും വിവരം റിപ്പോർട്ട് അച്ചടിച്ചതും കണ്ട് ബോധിച്ചു ഒരു പ്രതി അന്ത്യോഖ്യാ സിംഹാസനത്തുംകലേയ്ക്കും ഓരോ പ്രതി എല്ലാ പള്ളികളിലേക്കും അയയ്ക്കേണ്ടതും കമ്മട്ടി മെമ്പർമാരെ നീക്കി വേറെ ആളുകളെ ആക്കുകയോ അവരെ തന്നെ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിനു സമൂഹക്കാർക്കു സ്വാതന്ത്രിയം ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കയും ഉറപ്പിക്കയും ചെയ്തു.

10. സാരമായ വല്ല സംഗതിയിലും സമൂഹക്കാററുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതായി തോന്നുന്ന ഏതു സമയവും സമൂഹക്കാററിൽ ഒന്നാം ക്ലാസ്സിൽ ചേരുന്നവരെന്നു ഊഹിച്ചു പിതാവിനാൽ നിശ്ചയിക്കപ്പെട്ടു താഴെ പേരു ചേർക്കുന്നവരെ കമ്മട്ടിക്കാററുടെ അനുവാദപ്രകാരം മേല്പടി സീക്രട്ടറി മുഖാന്തിരം എഴുതി അയച്ചു വരുത്തി ആലോചിക്കണമെന്നു യോഗം ഉറപ്പിച്ചു.

പിതാവിനാൽ നിശ്ചയിച്ചു യോഗം മുമ്പാകെ വായിച്ചവക ആളുകളുടെ പേരു താഴെ ചേർക്കുന്നു.

പാമ്പാക്കുട പള്ളിയിൽ കോനാട്ടു യോഹന്നാൻ മല്പാൻ, അങ്കമാലി പള്ളിയിൽ ചക്കരയകത്തൂടു തരീയ്തു കത്തനാരു, കുറുപ്പുംപടി പള്ളിയിൽ വെളിയത്തു ഗീവറുഗീസു കോറി, കണ്ടനാടു പള്ളിയിൽ തുകലൻ മത്തായി കത്തനാരു, ടി പള്ളിയിൽ പാടത്തുകാരൻ അബ്രഹാം കത്തനാരു, കടമറ്റത്തു പള്ളിയിൽ തേക്കലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, ശ്രായി പള്ളിയിൽ കുറ്റിക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, വടക്കൻപറവൂർ പള്ളിയിൽ മുക്കാലിൽ ഗീവറുഗ്ഗീസു കത്തനാരു, മുളന്തുരുത്തി പള്ളിയിൽ പാലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, കോലഞ്ചേരി പള്ളിയിൽ കല്ലാനിക്കൽ പൌലോസ്സു കത്തനാരു, കോതമംഗലത്തു ചെറിയപള്ളിയിൽ ചേലാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, മുളക്കുളത്തു പള്ളിയിൽ മുറന്തൂക്കിൽ യാക്കോബു കത്തനാരു, ചാത്തന്നൂ പള്ളിയിൽ മഞ്ചാടിവിളാകത്തു യാക്കോബു കത്തനാരു, കുണ്ടറപള്ളിയിൽ കിഴക്കേവിളയിൽ മത്തായി കത്തനാരു, ഓമല്ലൂർപള്ളിയിൽ പീടികയിൽ ഗീവറുഗ്ഗീസ്സു കോറി, തുമ്പമൺപള്ളിയിൽ കരിങ്ങാട്ടിൽ സ്കറിയാ കോറി, ചേപ്പാട്ടുപള്ളിയിൽ പുത്തൻവീട്ടിൽ പീലിപ്പോസ്സു കത്തനാരു, മാവേലിക്കരപള്ളിയിൽ കിഴക്കേപ്പറമ്പിൽ പണിക്കരു യാക്കോബു കത്തനാരു, നെരണത്തുപള്ളിയിൽ മട്ടയ്ക്കൽ ബഹനാൻ കത്തനാരു, കുറിച്ചിയിൽപള്ളിയിൽ കോലത്തുകളത്തിൽ കുരുവിള കത്തനാരു, കടമ്പനാട്ടു പള്ളിയിൽ പള്ളിവാതുക്കൽ കോശി കത്തനാരു, കല്ലൂപ്പാറപള്ളിയിൽ കല്ലൂര പീലിപ്പോസ്സു കത്തനാരു, തിരുവല്ലാ പള്ളിയിൽ കോവൂർ ഗീവറുഗ്ഗീസ്സു കത്തനാരു, കുന്നംകുളങ്ങര പള്ളിയിൽ പനെയ്ക്കൽ യാക്കോബു കത്തനാർ, കോട്ടയം തോമ്മസ്സു മത്തായി മുൻസീപ്പു, അങ്കമാലി അമ്പാട്ടു തരിയ്ത, മഞ്ഞപ്ര അറയ്ക്കപറമ്പിൽ ചാക്കോ, ആർത്താറ്റു പനെയ്ക്കൽ താരു, കുന്നംകുളങ്ങര കാക്കശ്ശെരിൽ, ഇയ്യ്യപ്പൻ, പനയ്ക്കൽ ചാക്കു ചേറു, പനയ്ക്കൽ ഇട്ടിയവിരാ, ചെറുവത്തൂര മാത്തുക്കുട്ടി, പഴഞ്ഞിയിൽ പുലിക്കോട്ടിൽ മാത്തു, ടി പുലിക്കോട്ടിൽ ചുമ്മാരു, ചാലശ്ശേരിൽ തോമ്പ്ര പത്രോസ്സു, വടക്കൻപറവൂർ ഈരാളി വറുഗ്ഗീസ്സു, കൊളങ്ങര ഇട്ടിയച്ചൻ മാത്തു, തൃപ്പൂണിത്തറ മൂക്കഞ്ചേരിൽ ചെറിയാ, കരിങ്ങാശ്രെ മാമലെ ഇത്താപ്പിരി, കുറിഞ്ഞിയിൽ പാലാൽ കൊച്ചിട്ടൻ, കണ്ടനാടു പുത്തൻവീട്ടിൽ മത്തായി, ടി കരോട്ടു വീട്ടിൽ കോര, മുളന്തുരുത്തിൽ വന്മേലിൽ കുര്യൻ, തണങ്ങാട്ടിൽ കുരുവിള, തെക്കൻപറവൂർ അക്കര പാടത്തു പൈലി, ടി കാടംപുരത്തു കുഞ്ഞിപ്പാവു, മാന്തുരുത്തേൽ തറയിൽ ചാക്കോ, പിറവത്തു പുത്തൻപുരയ്ക്കൽ തൊമ്മി,



പാമ്പാക്കുടെ മാടപ്പറമ്പേൽ കുഞ്ഞുക്കുറു, മഴുവന്നൂര മാടപ്പറമ്പേൽ കുഞ്ഞുവർക്കി, വടകര തട്ടമ്പാറ മത്തായി, കുന്നക്കുരുടിയിൽ വേങ്ങച്ചേരിൽ കുഞ്ഞിപൈലി, മുളക്കുളത്തു മൊറന്തൂക്കിൽ ചാണ്ടി, പള്ളിക്കരെ കുരിശുങ്കൽ കുഞ്ഞവരാ, നെരണത്തു മട്ടക്കൽ ചാക്കോ വൈദ്യൻ, വരത്തറ പള്ളത്തു മത്തായി, പുത്തൂപ്പള്ളിൽ ഗീവറുഗീസ്സു, വള്ളക്കാലിൽ ചാക്കോ, പള്ളിക്കാവിൽ കുഞ്ചെറിയ, തിരുവല്ലാ ചാലക്കുഴിയിൽ മാത്തൻ, ടി കോടിയാട്ടു ഗീവറുഗീസ്സു, കോട്ടയത്തു കൊച്ചുപുരയ്ക്കൽ കൊച്ചുതുപ്പു മുതൽപിടിക്കാരൻ, കുന്നുംപുറത്തു യോഹന്നാൻ, വെള്ളൂര കൊച്ചിടിച്ചാണ്ടി മുതൽപിടിക്കാരൻ, തെക്കേത്തല കുര്യൻ വക്കീൽ, എറികാട്ടു മാത്തു, കാരിക്കൽ കുരുവിള, കോട്ടയത്തു വല്യപള്ളി എടവകക്കാരൻ ഒറ്റത്തയ്ക്കൽ മാണി, കുമരകത്തു ഉമ്മാച്ചേരിൽ ചാണ്ടി, കല്ലുങ്കത്ര തെക്കേക്കരി ചാക്കോ, മണർകാട്ടു വെങ്കടത്തു മാത്തു, പുതുപ്പള്ളിൽ കരോട്ടു ചാണ്ടി, ടി പാറയ്ക്കൽ ഈശൊ, വാകത്താനത്തു വെട്ടീപറമ്പിൽ തൊമ്മൻ, കുറിച്ചിയിൽ പുത്തൻപുരയ്ക്കൽ ഇട്ടിയവിരാ, പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ മാത്തൻ, ടി കിഴക്കേത്തലയ്ക്കൽ ഉമ്മൻ, കാരയ്ക്കൽ മൂലമണ്ണിൽ ചെറിയാൻ, നീലംപേരൂര പനച്ചിത്ര കുരുവിള, കല്ലൂപ്പാറെ അടങ്ങപ്പുറത്തു ഈപ്പൻ പണിക്കരു, കല്ലിച്ചേരിൽ തുണ്ടിയിൽ ചാക്കോ, റാന്നിയിൽ കല്ലൻപറമ്പിൽ ചാക്കോ, കൈപ്പട്ടൂർ പുത്തൻവീട്ടിൽ കൊച്ചുകോശി, കണ്ണൻകോട്ടു കള്ളോട്ടു കോശി, പരുമലെ അരികുപുറത്തു മാത്തൻ, ചാത്തന്നൂർ കോയിപ്രത്തു ചാക്കോ, തുമ്പമൺ പള്ളിവാതുക്കൽ സ്കറിയ, ടി ചക്കിട്ടടത്തുപാറയിൽ മാത്തൻ, കടമ്പനാടു അമ്പനാട്ടു ഇടിച്ചാണ്ടി, പള്ളത്തു പടനിലത്തു ചാക്കോ, വീയപുരത്തു പുരയ്ക്കൽ ചാക്കോ, മേപ്രാൽ പൂതികോട്ടു മാത്തു, മല്ലപ്പള്ളിൽ കയ്യാലാത്തു ഗീവറുഗീസ്, കായംകുളത്തു കൊട്ടക്കാട്ടു ചെറിയ, ചേപ്പാട്ടു പുത്തൻവീട്ടിൽ യോഹന്നാൻ, ഓമല്ലൂർ വടക്കേടത്തു ചെറിയ, മാവേലിക്കര തൂമ്പുങ്കൽ കൊച്ചുവർക്കി, പള്ളിപ്പാട്ടു മൂലയിൽ ഗീവറുഗീസ്സു, കാരിച്ചാൽ ആലുംമൂട്ടിൽ കൊച്ചുകോശി, കൊട്ടാരക്കര ആവിയോട്ടു ഗീവറുഗ്ഗീസ്സു, ടി കിഴക്കേതെരുവിൽ കിഴക്കേടത്തു ഉമ്മമ്മൻ, കുണ്ടറെ ഉണ്ണിക്കോട്ടു മാത്തൻ പണിക്കരു, കാട്ടൂർ പടശേരിയകത്തു അയിപ്പു.

11. സുറിയാനി സമൂഹത്തിന്നു അവരുടെ പള്ളിവകയായും പൊതുവകയായും ഉള്ള മുതലിനെപ്പറ്റി ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും പള്ളിക്കണക്കുകൾ ആണ്ടടക്ക

മുള്ളതു കേട്ടു തീർക്കുന്നതിനും, യോഗം നിശ്ചയിക്കുന്ന അതതു പള്ളിയിലെ എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ ചെയ്യേണ്ടതിനുള്ള ചുമതലയും സമുദായത്തിനു ഉപയോഗപ്പെടുന്ന പുസ്തകങ്ങൾ ആവശ്യപ്പെട്ട ഭാഷകളിൽ അച്ചടിപ്പിക്കുന്നതിനും, കേടു ഭവിച്ചിരിക്കുന്ന പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും പുതിയ പള്ളികൾ പണിയിക്കുന്നതിനും ഇസ്കൂളുകൾ ഉണ്ടാക്കുന്നതിനും, മേൽ കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കേണ്ടതാണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

12. പാത്രിയർക്കീസ്സു ബാവാ തിരുമനസ്സിലേക്കുള്ള റെശ്ശീസ്സാ പിരിച്ചു അയക്കുന്നതിനും ഭരിക്കുന്ന മെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്തവകാശം മുതലായി പള്ളികളിൽ നിന്നു വരേണ്ടുന്ന മുതലുകൾ പിരിപ്പിക്കുന്നതിനും അതുകൊണ്ടു പോരാതെ വരുന്നു എങ്കിൽ അതിലേക്കുള്ള വഴി സ്ഥിരപ്പെടുത്തുന്നതു കൂടാതെ, ദയറായെക്കാർക്കുള്ള ചിലവിന്റെ മാർഗ്ഗവും ആലോചിച്ചു ആയ്തും, വികാരിമാർക്കു എടവകയിൽ നിന്നും ശക്തിപോലെ ഒരു ശമ്പളം കൊടുപ്പിക്കുന്നതിനും സിക്രട്ടറി മുതലായവരുടെ മാസപ്പടികൾ കൊടുത്തു നടത്തുന്നതിനും കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കണമെന്നു സ്ഥിരപ്പെടുത്തി.

13. ആണ്ടടക്കം പള്ളിവക വരവു ചെലവിന്റെ കണക്കിനും, ഓരോ പള്ളിയിലുള്ള പൊൻവെള്ളി ശീലവെഞ്ചനാദി വെങ്കലപാത്രം നിലംപുരയിടം മുതലായിട്ടുള്ളതിന്റെ മുതൽ വിവരം പട്ടികക്കും ഓരോ സംവത്സരങ്ങളിൽ വിശേഷാൽ ഉണ്ടാകുന്നവയും കേടുവരുന്നവയും ആയ വസ്തുവകകളുടെ വിവരത്തിനുള്ള കണക്കും മാമ്മോദീസാ, പെൺകെട്ട്, ശവമടക്കൽ മുതലായതിന് എഴുതിവരുന്നതിന്റെയും ഓരോ പ്രതി കണക്കെഴുതി വികാരിയും കൈക്കാറരും യോഗത്തിൽ നാലു പേരും കൂടി ഒപ്പിട്ടു മേല്പറഞ്ഞ കമ്മട്ടിയാർക്കു ആണ്ടുതോറും അയയ്ക്കവേണ്ടിയിരിക്കുന്നതു കൂടാതെ മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള കാര്യങ്ങൾക്കും ആവശ്യംപോലെ വേണ്ടുന്ന വകയ്ക്കു അതാതു സമയം കമ്മട്ടിക്കാറരുടെ പേർക്കു എഴുതി അറിവിക്കേണമെന്നു നിശ്ചയിച്ചു യോഗം ഉറപ്പിച്ചു.

14. നമ്മുടെ സമൂഹം വക എല്ലാ കാര്യങ്ങൾക്കും കമ്മട്ടിക്കാററു കൈകാര്യകർത്താക്കളായിരിക്കണമെന്നു മേൽ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതുവിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവരു എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അതുകൾ ഒക്കയും നടത്തുന്നതിനു ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും ഉള്ള അധികാരം പ്രസിഡണ്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കായിരിക്കണമെന്നും അതിലേക്കു കമ്മട്ടി മെമ്പ്രന്മാരു സഹായികളായിരിക്കണമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

15. പ്രസിഡണ്ടു മെത്രാപോലീത്താ അവർകൾ പള്ളികളിൽ സർക്കൂറ്റു ചെയ്യുന്ന സമയങ്ങളിൽ അദ്ദേഹം പള്ളി തെരട്ടുകൾ പരിശോധിക്കുകയും എപ്പിത്രോപ്പെന്മാരെ സ്ഥിരപ്പെടുത്തുകയും സ്കൂളുകൾ മുതലായതു ഏർപ്പെടുത്തുകയും പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർച്ചപ്പെടുത്തുകയും അതാതു സമയം ആവശ്യപ്പെടുന്ന കാര്യങ്ങളെ നടത്തുകയും ചെയ്യുന്നതു കൂടാതെ അദ്ദേഹത്തിന്റെ സകല നടത്തകൾക്കും ഒരു ഡയറി എഴുതി സൂക്ഷിക്കേണ്ടതും അതു കമ്മട്ടി കൂടുമ്പോൾ വായിക്കേണ്ടതും ആണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

16. ഏതെങ്കിലും സംഗതിവശാൽ കമ്മട്ടി മെമ്പ്രന്മാരുടെ തുക കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സമൂഹക്കാർക്കായിരിക്കേണ്ടതും ഇങ്ങിനെയുള്ള എല്ലാ കാര്യങ്ങളിലും അധികംപേരുടെ അഭിപ്രായം സ്വീകരിച്ചു നടത്തേണ്ടതും ആണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

17. പുരാതനകാലം മുതൽക്കേ നമ്മുടെ മലങ്കര യാക്കോബായ സുറിയാനി സഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴെയുള്ള മറ്റു സുറിയാനിസഭകളും തമ്മിലുള്ള യോജിപ്പും സംബന്ധവും ഇല്ലാതാക്കണമെന്ന് അന്യമതക്കാർ വളരെക്കാലമായി നാനാപ്രകാരേണയുള്ള പ്രയത്നങ്ങൾ ചെയ്തുവരുന്നതും ബ്രിട്ടീഷു റസിഡണ്ടായിരുന്ന ബെല്ലാർഡ് സായിപ്പു മുഖാന്തിരം ഉണ്ടാക്കിച്ചിട്ടുള്ള വിരുതു പ്രകരണത്തിൽ അന്ത്യോഖ്യായുടെ സാഹിത്യം നിലനില്ക്കും കാലമൊക്കയും മലയാളത്തിലുള്ള സുറിയാനിസഭയിൽ സമാധാനം ഉണ്ടാകയില്ലെന്നു പറഞ്ഞിട്ടുള്ളത് നോക്കുമ്പോൾ ആ സാഹിത്യം നിലനില്ക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലംകര ഇടവകയും എപ്പോഴും യോജിച്ചു രണ്ടു വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തുങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടുത്തെ മജലീസ്സും (കമ്മട്ടി) അവിടുത്തെ മജലീസ്സും അന്യോന്നതയോടെ ഇരിക്കുകയും കമ്മട്ടിയുടെ അനുമതിയോടുകൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

18. ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപോലീത്തായും സമൂഹക്കാറരും അന്യോന്ന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുന്നതല്ലാതെ സമൂഹക്കാറരും ഒപ്പുകൾ ഇട്ടു ഉറപ്പിക്കണമെന്നു യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

(ഒപ്പ്)

മാർ ദീവന്നാസ്യോസ് മെത്രാപോലീത്താ (ഒപ്പ്) (മുദ്ര)



കാലം ചെയ്ത മലബാർ ഭദ്രാസനാധിപനായിരുന്ന ഡോ. സഖറിയാ മാർ തെയോഫിലോസിന്റെ മാതാവിനെ പരുമല സെമിനാരിയിൽ വെച്ച് പ്രശസ്ത ഗായിക കെ. എസ്. ചിത്ര ആദരിച്ചു.



3.86 സെക്കന്റ് എന്ന ഏറ്റവും കുറഞ്ഞ സമയപരിധിയിൽ ഏറ്റവും വേഗതയിൽ മൊബൈൽ സ്ക്രീനിൽ ഇംഗ്ലീഷ് അക്ഷരമാലയിലെ മുഴുവൻ അക്ഷരങ്ങളും അടയാളപ്പെടുത്തി ഏഷ്യാ ബുക്ക്ഓഫ് റെക്കോർഡും ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡും കരസ്ഥമാക്കിയ അടുപ്പുട്ടി പള്ളി ഇടവകാംഗമായ ചുങ്കത്ത് മാത്യൂസിന്റെ മകൻ ആൽവിൻ മാത്യു.

Article

PROUD TO BE A TEACHER

Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur & Principal, MGM College)

"Life laughs at you when you are unhappy.
Life smiles at you when you are happy.
But life salutes you when you make others happy."

The comic actor, filmmaker, and composer Charles Spencer Chaplin alias Charlie Chaplin (1889-1977) is considered one of the most important figures in cinema history. Even though he is not an educator, he has made a permanent home in the hearts of millions around the world with his outstanding stage performances.

Throughout the world, he has made a big impact on the lives of many people. Despite the fact that the words mentioned above are not often used in schools, it has a profound effect on us all. It touches on all aspects of day-to-day living and activities.

Two important concepts to sail smoothly in this world ocean are to be happy and to make others happy. A person who is able to find happiness in life can only make others happy. If you have something in your wallet, you can share it with others. This may be in the form of money, resources, or talents.

These days, education talks a lot about soft skills. Education is redefined as a way to develop your soft skills. The visible are some; the invisible are others. Nevertheless, both play an integral part in our everyday lives.

It is especially important for teachers to imbibe these qualities. Qualities can't be quantified because they are intrinsic. One can measure it by the quality of life they lead. It is others who will measure and value it on a time-to-time basis more than the persons.

In the Sermon on the Mount (St.Matthew: 5-7), Jesus emphasizes the kind of life to live in order to see the kingdom of God. The mountain played an important role in the history of the chosen people of Israel in the Old Testament. Moses' conversation with God, Abraham's sacrifice, and covenant relationships are well known. In human history, there have been divine acts in the mountains. The Sermon on the Mount was not a debate, discussion, or confrontation, but rather a teaching that went one way and had to be absorbed and practiced.

The art of listening is essential to the teaching-learning process. Ancient Indian education places a high value on listening. Traditionally, there were two forms of teaching, Shruti and Smriti.

People with the heart of the poor, with the same attitude as the poor, can completely depend on God. They can inherit the kingdom of God. In addition to repentance, conversion, and virtuous action, holy sorrow is a requirement for a joyful life.

The true meaning of meekness isn't passive weakness, but strength under control. Meek people are controlled by God and possess the power to control their passions. This is something that mentors must learn and practice. Because of the nature of our job, we have to control our passions to an excessive degree. You should never view meekness as a weakness.

A mentor must have a thirst for knowledge. We must also hunger and thirst for righteousness. To our children, we are in the realm of God. Hunger and thirst for knowledge and righteousness must be correlated. During his lifetime, Gandhiji mentioned that "teachers should be men of knowledge and righteousness."

Every time we think about a teacher, we automatically feel their unconditional love, compassion, and care. Mercy is an expression of action. To be a good teacher, you must be merciful. Those of us who continue God's teaching ministry here in this world must be merciful as our Heavenly Father.

Those who have a pure heart are completely devoted to worshiping and serving God without compromising. We need to maintain this uncompromising attitude in the teaching-learning process as well. You must be faithful to the children in front of you. They are also created in the same image and likeness as you. We must grow from the image of God to the likeness of Him together. Enlightenment comes from real education. Liberation from the darkness is education. Pursuing knowledge to discharge God's duties with purity in our hearts constitutes a form of worship to knowledge.

Since we are discussing the Sermon on the Mount here, let me give you a brief description of how this portion is divided:

1. The Beatitudes (5:1-16)

The topic of true discipleship and a blessed way of life is discussed here.

2. The New Covenant (5:17-48)

He revealed to the multitudes the new law leading to perfection. He explains the deeper meanings of laws here.

3. The Spiritual Discipline (6:1-7:12)

The three pillars are prayer, fasting, and almsgiving. He has given new meaning to these three traditional Christian values.

This must open our eyes, and if practiced properly, it will assist us in attaining true wisdom.

4. Exhortations to Righteousness (7:12-20)

A direct warning to hypocritical and deceitful professions of righteousness.

Mindfulness is the key to peace. The peacemakers spread the peace of God. Education must lead us towards making the world a more peaceful place. The two most important educational values that every mentor must teach and practice are peace and reconciliation. Thus, we may be able to evolve from a teacher to a guru.

We, mentors, are the salt and light of society. Both are inevitable in day-to-day life. Light is the source of life and with energy, the universe exists. Salt gives flavor. From ancient times onwards salt was used as a preservative. As teachers, we need to preserve culture, traditions, values, and many more. (Orthodox Study Bible. P.1274)

When you are unhappy or pleased with life, life laughs at you, but when you make others happy, life salutes you. Charlie Chaplin's words should inspire us to see life's joy in its fullest measure.


"Life laughs at you when you are unhappy.
Life smiles at you when you are happy.
But life salutes you when you make others happy."

If you are a mentor or a student, make others happy, and try to remain positive even as you go through tests and tribulations because hope never dies. We will overcome all problems with perseverance and trust in God. Every mentor makes the hearts of people joyful and peaceful because they are making them happy. I pray that peace and happiness be bestowed upon us as well. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ക്രിസ്തുവിലുള്ള അവിശ്വാസം, വലിയ നഷ്ടമുണ്ടാക്കും

(വാങ്ങിപ്പു പെരുന്നാളിനുശേഷം നാലാം ഞായർ വി. മർക്കോസ് 6:1–6)



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

പിതൃനഗരത്തിൽ, യോശുവിന് നേരിടേണ്ടി വന്ന ദുരനുഭവങ്ങളിൽ ഒന്നാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം വി. മർക്കോസ് 6:1–6. സ്വന്തം നാട്ടിലെ ജനങ്ങൾ, ചാർച്ചക്കാർ, അയൽപക്കത്തുള്ളവർ, പള്ളിയിലെ സഹപ്രവർത്തകർ എല്ലാം യേശുവിന്റെ ദൈവീകതയേയും ആത്മീയതയേയും സംശയിച്ച് ചോദ്യം ചെയ്യുന്നു. യാഥാർത്ഥ്യത്തെ ഹൃദയവിശാലതയോടും വിശുദ്ധിയോടും കൂടെ കാണുവാനും അനുഭവിക്കുവാനും കഴിയാതിരുന്ന ജനത്തിന് വലിയ നഷ്ടമുണ്ടായി. പ്രയാസങ്ങളില്ലാതെ ലഭിക്കേണ്ടതും ലഭിക്കാതിരുന്നതുമായ പലതും ജനങ്ങളുടെ അവിശ്വാസം നിമിത്തം നഷ്ടപ്പെടുന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം.

തിരസ്ക്കരിക്കപ്പെട്ട ക്രിസ്തു

യേശുവിനെ നസറേത്തുകാർ തിരസ്ക്കരിച്ച്, പുറന്തള്ളി. യഹൂദ്യയിലും ഗലീലയിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്തപ്പോൾ, വലിയ പ്രശംസയും സ്വീകരണവും ലഭിച്ചു. എന്നാൽ സ്വന്തം നാട്ടിൽ ഒറ്റപ്പെടുത്തലും പരിഹാസവും ആണ് കിട്ടിയത്. അതിനു കാരണമായി പിതൃനഗരക്കാർ കണ്ടെത്തിയത്, യേശുവിന്റെ കുടുംബവും തൊഴിലും ആയിരുന്നു (വാ. 2). വി. യോഹന്നാൻ 1:11 “അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല.” ഗലീലയിലെ പള്ളികളിൽ ഉപദേശിക്കുമ്പോഴും അടയാളങ്ങൾ പ്രവൃത്തിക്കുമ്പോഴും അവിടെയുള്ള ജനങ്ങൾ എല്ലാവരും അവനെ പ്രശംസിക്കുകയാണുണ്ടായത്. യേശുവിന്റെ ശ്രുതി നാട്ടിലെങ്ങും പരക്കുകയും ചെയ്തു. വി. ലൂക്കോസ് 4:14,15 ‘യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലെയ്ക്കു മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിൽ ഒക്കെയും പരന്നു. അവൻ അവരുടെ പള്ളികളിൽ ഉപദേശിച്ചു. എല്ലാവരും അവനെ പ്രശംസിച്ചു.’

യേശുവിന് പല സ്ഥലങ്ങളിലും തിരസ്ക്കരണം നേരിടേണ്ടി വന്നിട്ടുണ്ട്. വി. മത്തായി 8:28–34 ഗദരേന്യരുടെ ദേശത്ത് ഭൂതങ്ങളെ പുറത്താക്കിയപ്പോൾ, പട്ടണം എല്ലാം പുറപ്പെട്ടു യേശുവിനെ എതിരെ ചെന്ന് തങ്ങളുടെ അതിർ വിട്ടുപോകണമെന്നു അപേക്ഷിച്ചു. വി. ലൂക്കോസ് 4:28, 29 “പള്ളിയിലുള്ളവർ ഇതു കേട്ടിട്ടു എല്ലാവരും കോപം നിറഞ്ഞവരായി എഴുന്നേറ്റു അവനെ പട്ടണത്തിനു പുറത്താക്കി, അവരുടെ പട്ടണം പണിതിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി തലകീഴായി തള്ളിയിടുവാൻ ഭാവിച്ചു.”

സമൂഹത്തിൽ തിരസ്ക്കരിക്കപ്പെടുന്നതിനു പല കാരണങ്ങൾ ഉണ്ട്. സമ്പത്ത്, സൗന്ദര്യം, കുടുംബം, ജാതി, തൊഴിൽ, വർണ്ണം തുടങ്ങിയവയെല്ലാം ഉൾപ്പെടാം. മറ്റുള്ളവരെ ഒറ്റപ്പെടുത്തുന്നതും തിരസ്ക്കരിക്കുന്നതും യഥാർത്ഥ ക്രിസ്തീയതയല്ല. തിരസ്ക്കരിക്കപ്പെടുന്നവരുടെ രക്ഷകനായിട്ടാണ് ക്രിസ്തു മനുഷ്യാവതാരം ചെയ്തത്. വി. ലൂക്കോസ് 4:18,19 “ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും” ആണ് കർത്താവ് എന്നെ അഭിഷേകംചെയ്ത് അയച്ചിരിക്കുന്നത് എന്നാണ് യേശു, നസറെത്തിലെ പള്ളിയിൽ, ശബ്ബത്തിൽ വായിച്ചു കേൾപ്പിച്ചത്.

ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത

യേശുക്രിസ്തു, ജനത്തിൻ ഇടയിൽ വസിച്ചിട്ടും പ്രവർത്തിച്ചിട്ടും അവർക്ക് യേശുവിനെ യഥാർത്ഥമായി ഗ്രഹിക്കുവാനോ അറിയുവാനോ കഴിഞ്ഞില്ല. അതിനുവേണ്ടി ജനം ശ്രമിച്ചില്ല എന്നു പറയുന്നതാകും ശരി. വി. യോഹന്നാൻ 1:10 ‘അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി. ലോകമോ അവനെ അറിഞ്ഞില്ല.’ വി. യോഹന്നാൻ 8:9 ‘നിങ്ങൾ എന്നെ ആകട്ടെ, എന്റെ പിതാവിനെ ആകട്ടെ അറിയുന്നില്ല. എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു.’ വിയ യോഹന്നാൻ 9:30 “ആ മനുഷ്യൻ അവരോട്: എന്റെ കണ്ണു തുറന്നിട്ടും അവൻ എവിടെ നിന്നു എന്നു നിങ്ങൾ അറിയാത്തതു ആശ്ചര്യം.”

സ്വന്തം നാട്ടുകാർ, ഒരു ശ്രമവും നടത്താതെ, അവന്റെ കുടുംബ പശ്ചാത്തലം വിലയിരുത്തി, യേശുവിനെ അളക്കുകയായിരുന്നു. ‘ഏതാനും ചില രോഗികളുടെ മേൽ കൈവച്ചു സൗഖ്യം വരുത്തിയത് അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല’ (വാ. 5). കണ്ടിട്ടു കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കുന്നവർ. സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാനുള്ള വരം ലഭിച്ചിട്ടുണ്ടെങ്കിലും അത് യഥാവിധി ഉപയോഗിക്കാത്തവർ. അതുകൊണ്ട് ഉണ്ടാകുന്ന നഷ്ടം യേശുക്രിസ്തു വിശദീകരിക്കുന്നു.

വി. മത്തായി 13:14 ‘നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും. കണ്ണാൽ കാണും ദർശിക്കുകയില്ലതാനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു. കണ്ണു അടെച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനു തന്നേ.’

ക്രിസ്തുവിനെ യഥാർത്ഥമായി അറിഞ്ഞ്, അവനിൽ വിശ്വസിക്കുന്നവർക്ക് അനുഗ്രഹങ്ങളും ദാനങ്ങളും വീണ്ടും സമൃദ്ധിയായി നൽകും എന്ന വാഗ്ദാനമാണ് യേശു നൽകുന്നത്.

അവിശ്വാസം നഷ്ടമുണ്ടാക്കും

യേശുക്രിസ്തുവിലുള്ള വിശ്വാസം വ്യക്തികൾക്കും സമൂഹത്തിനും നേട്ടമുണ്ടാക്കുമ്പോൾ, അവിശ്വാസം നഷ്ടത്തിലേക്കു കൊണ്ടുപോകും. സ്വന്തം നാട്ടുകാരുടെ യേശുവിലുള്ള അവിശ്വാസം കാരണം, വീര്യപ്രവൃത്തികൾ ഒന്നും ചെയ്യാതെ, ചുറ്റുമുള്ള ഊരുക്കളിൽ ഉപദേശത്തിനായി യേശുവിന് പോകേണ്ടി വന്നു (വാ. 6). യേശുവിന് പലതും പ്രവർത്തിക്കാനുണ്ടായിരുന്നു. അത് നഷ്ടപ്പെടുത്തി എന്നതാണ് ഇതിന്റെ അനന്തരഫലമായുണ്ടായത്.


വി. യോഹന്നാൻ 3:18 ‘അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.’ വി. യോഹന്നാൻ 3:36 ‘പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല.’ വി. യോഹന്നാൻ 8:24 “എന്നെ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.” എബ്രായർ 3:12 “സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിനു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവീൻ.”

വ്യക്തികൾക്കുണ്ടാകുന്ന അനുഗ്രഹങ്ങൾ, സമൂഹത്തിന്റെ വിശ്വാസവും പ്രാർത്ഥനയും കൊണ്ടാണ് സംഭവിക്കുന്നത്. സമൂഹത്തിന് യേശുവിൽ വിശ്വാസം ഇല്ലെങ്കിൽ, വ്യക്തികൾക്കും കുടുംബങ്ങൾക്കും അനുഗ്രഹങ്ങൾ ലഭിക്കുകയില്ല. ❑

Sweet revenge

4rd Sunday after Assumption of Mother Mary

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)



Evening- St. Matthew 18: 1-11: Morning- St. Luke 18: 12-22: Before Holy Qurbana- Exodus 3: 1-6, 11-14; Job 1: 1-5 ; Isaiah1: 15 -20: Holy Qurbana- I Peter 2: 1-5; I Corinthians 3: 16-23

St. Matthew 5: 38-48

The Sermon on the Mount can be called us the crux of Jesus' teaching. These revolutionary teachings of Jesus have inspired not only Christians but also many belonging to other faiths..

a. An eye for an eye makes the whole world blind

"If anyone slaps you on the right cheek, turn to them the other cheek also" (Mt 5:38)

Retaliation is an animal instinct. The first response of an animal, when attacked is to counter attack. It shuns away from retaliation only if the enemy seems to be stronger than it. Human community also followed the same practice. The normal justice followed was 'an eye for an eye'. Of course this principle was followed to ensure that retribution did not exceed the original wrong. But Jesus tried to transcend and transform the retributive system of justice which was mainly based on revenge. As Gandhiji, who was inspired by Jesus' teaching, later said, "An eye for an eye makes the whole world blind". Jesus attempted to give 'vision' to the evil doer to understand his sin instead of letting him become blind about his wrong doings.

The practice of 'an eye for an eye' focussed only satiating the hunger for revenge in the one who was wronged against. It didn't address the bitter feeling between both the parties. Often it resulted in an increasing enmity. *Those who are hot-tempered stir up strife, but those who are slow to anger calm contention* (Prov 5:18). Jesus wanted to get rid of the spirit of revenge from men. Repaying hatred with hatred reaps more hatred and vengeance with vengeance more vengeance. John Milton rightly caught the basic characteristic of revenge in his *Paradise Lost:*

Revenge, at first though sweet,
Bitter ere long back on itself recoils.

Revenge might appear to be the easiest and the foremost option. But once taken revenge it loses its 'sweetness' and leads to more bitterness among the parties. One who does evil to us can be defeated by inflicting damage to him or can be won over through our love. Can there be a sweeter revenge than by paying kindness against the evil done to you?

b. Be like the Sun

"Love your enemies and pray for those who persecute you, that you may be children of your Father in heaven. He causes his sun to rise on the evil and the good,... (Mt 5:44, 45)

Jesus asked the people not only to desist from taking revenge but move two steps ahead; love enemies and pray for them. The Lord asks us to win our enemies through love and prayer. (Remember that it is assumed that you love your neighbour first before attempting to love your enemy!) This is the basic principle of Christianity along with 'Love God' but also is one of the most difficult things to practice. It is difficult to forget and forgive those who have hurt us, especially those who did it purposefully. If we are not in a position to take revenge in spite of feeling hurt often it leads to holding a grudge against them. This grows into big hatred and starts eating us from inside. We would, most of the time, be thinking about our 'enemies' and feeling angry and irritated. The revenge which brews in our mind against our 'enemies' gets expressed in various forms at our family, friends or colleagues. Meanwhile our 'enemies' would be merry making somewhere else. In short, holding hatred ruins our mental peace and affects our whole life. So when we decide to start loving our enemies we are not just being good to them but doing a great favour for ourselves. As St. Paul exhorts us *put away from you all bitterness and wrath and anger and wrangling and slander, together with all malice* (Eph 4:31). This is difficult but not impossible as Jesus demonstrated by praying for those who crucified Him. Stephen also prayed for those who were stoning him to death; "*Lord, do not hold this sin against them*." (Acts 7:60). Praying for enemies helps them and also us. It leads to transformation in both the parties, gradually if not overnight.

Jesus asked His listeners to be like the Sun that gave light to all irrespective of gender, caste or creed. Sun doesn't discriminate between the sinner and the saint; the cop and the thief, the student and the teacher or the poor and the rich. It goes on what is expected of it- bringing sunshine to others. It is unaffected by how we respond to it. This is similar to what the Church Fathers had taught about *Apatheia* (mastery of emotions). *Apatheia* "does not mean the destruction of the natural drives and desires of the body and soul, ... or the emotions such as spiritual desire, zeal, excitement, joy, awe, sorrow or fear. It means rather the control of the feelings that are normal, natural and healthy, and the mortification of the feelings that are wicked and evil." A tree gives fruits to those who water it and also to those who stone it. Similarly we shall continue to do good irrespective of criticism or adulations we receive. Even if people belittle your achievement or success or malign you, just go on cheerfully with your duty and be a Sun.

Conclusion

Though Christ taught us to love our enemies, unfortunately we, as individuals, families and Church, often overlook it. We often haste to settle scores and thereby lose the Christian witness. *Do not repay anyone evil for evil, but take thought for what is noble in the sight of all* (Rom 12:7). Also let us be kind to others irrespective of how they treat us. 'Carry so much love and kindness in your heart that there's no room left for hatred'.

❑

Article

How To Answer That Call

Fr. B. M. Thomas

We all human beings are created in the image and likeness of God our creator. We all are called by God for a particular vocation. This doesn't mean that we all are called for ecclesiastical vocation, to be a Bishop, a Priest, a Deacon, a Nun, a Monk etc, but all are called to serve God and their fellow human beings in some form in life which is the will of God. In another word there is a divine plan and purpose for everyone on this earth. This doesn't mean that God has programmed human beings in such a way that He forces His will upon them against their will, but rather god knows every person from even before the foundations of the world and He provides them the adequate conditions so that he may be prepared for the age to come.

Are we in a position to answer that call? And if Yes: what is our answer?

In *Jeremiah- 1: 6*

*"Then I said, "O Lord and Master, behold I do not know How to speak, for I am a youth."*Most of us are experts in making excuses for Gods call as we make lame excuses for every small things. If we look into the Holy Scripture, we can see all through the scripture people who make lame excuses when God called them. Starting from the very beginning we can see that Adam in *(Gen – 3:12) "The woman you gave me, gave me of the tree and I ate."* This would have been the first ever excuse, as per Holy Bible. And we see here that Adam is in a way blaming God for the mistake and disobedience that he has committed. Very next comes the excuse made by Eve in, *(Gen – 3:13) " The serpent deceived me, and I ate"*. It is a fact, known to all that excuses bring negativity, lack of direction towards goal and inability to find a solution. This is the starting portion of the book of prophet Jeremiah and here we can see the call of God coming to him. In verse 5 we read, *"Before I formed you in the womb, I knew you, and before you were born, I sanctified you, I established you a prophet to the nations."*

We can see here that God's fore-knowledge and calling are interwoven here.

THE RELUCTANCE SHOWN BY JEREMIAH

Jeremiah was appointed to reveal the sins of the people of Judah and to proclaim the punishment to come. Jeremiah knows, about the challenges of being a prophet, so here we can see a reluctance. He calls himself young, may be in years or may be in experience, but seeing at the tenure of his prophetical ministry we can conclude that he was 'Called' at a young age for his ministry. His father and grandfather were priests and probably he would also have been one. As in verse 1 we read *"The word of God came to Jeremiah the son of Hilkiah of the priests…" Jeremiah 1:1.* But the God who knows all and everything chose Jeremiah to be His prophet.

If we see, the difference between a priest (that which Jeremiah would have become) and a prophet (that he is called to be now) of that day, the duties of the priest were predictable, whereas the duties of a prophet were unpredictable. A prophet was a chosen and authorized spokesperson of God, he declared God's will and word to the people. The priest did their duties according to the law, whereas the prophets were those who had to point their fingers against lawlessness. Whenever we think of prophets, we might think that they were fortune tellers; no they were those who exposed people's sins and tried to bring forth the sins prevailing in the present society. The prophets tried to change people's heart by proclaiming God's will. Moreover the priests were supported by the sacrifices and offerings made at the altar, but the prophet had no guaranteed income. Here we can find a reason for Jeremiah's reluctance and excuse.

Mostly we are also like this, we are 'Called'; we are all called to be members of the Kingdom of God. How is our relation with God, are we growing in divinity or are we mostly reluctant and frightened to face the challenges of life ahead. Here in verse 7-8 we see God speaking back to Jermiah, *"Do not say, I am a youth, for you shall go to all whom I send you, and whatever I command, you shall speak. Do not be afraid of their faces, for I am with you to deliver you."*

This is the promise of God given not only to Jeremiah, but to all of us whom he has 'called'. We have to grow in our knowledge about God. We forget that we are called by a God who knows us even before the time we were conceived in our mother's womb. GOD knows us but how much do we know God. The purpose of us as Christians is to grow in God, so that we can increase the same knowledge of the people whom we interact with. But we have many excuses.

We have excuses to our family that reflects in our family life. We have excuses to our parishes that are gradually seen affecting our parish life. We have excuses to our society that affects our social life; and finally we have excuses for our relationship with God, that affects our spiritual growth. At times everything becomes jumbled up. We have to check whether we are growing spiritually. Both physical and spiritual growth is needed for a healthy person.

OWN INADEQUACY HIGHLIGHTED BY JEREMIAH

Jeremiah felt that he is inadequate for the Call. The same excuse can be seen in (Ex 4:10) where Moses says to the Lord. *"I pray O Lord, I am not capable…but I am weak in speech and slow in tongue."*

We can see a same type of lamentation of *Isaiah 6:5; Woe is me, for I am pierced to the heart, for being a man and having unclean lips…"* What did God say to Jeremiah? in verse 9 we see *'then the Lord put forth his hand to me and touched my mouth; and the Lord said to me, "Behold, I have put my words in your mouth,…"* now let us see what was God's reply to Moses; in Exodus 4:11 we read *"Who made mans' mouth? And who made the mute, the deaf, the seeing and the blind? Did not I God?* What did God do with Isaiah? we read in Isaiah 6:6-7 – *then one of the seraphim was sent to me, he had a live coal in his hand, which he took with tongs from the altar. He touched my mouth and said, behold this has touched your lips. Your lawlessness is taken away, and your sin is cleansed."*

God always has a way, a means to overcome our weakness and our insufficiencies. Our insufficiency is overcome by the all sufficient God. We always have to understand that God's strength is more easily seen in our moments of weakness. We can experience that in our day to day lives. God always fully equips those whom he calls. As here we see that God bestows Jeremiah with his words, God knows the purpose for which we are called. Through experiencing God in all the Holy Sacraments, We have to willfully deliver ourselves unto his hands, so that his will be fulfilled in our lives. We are not to be bothered about the challenges that we may face in our life and also about the shortcomings that are there in our life. Having full faith in our Lord who has called us, we have to grow in him.

Let the Holy Spirit guide us all through our lives.

❑



വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാളും ഇടവക പെരുന്നാൾ കൊടിയേറ്റവും

അബു റോഡ്: അഹമ്മദാബാദ് ഭദ്രാസനത്തിലെ രാജസ്ഥാനിൽ സ്ഥിതി ചെയ്യുന്ന പ. പുലിക്കോട്ടിൽ ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ നാമധേയത്തിലുള്ള ജ്യോതിസ്സ് ആശ്രമത്തിൽ ഇടവകയുടെ 11–ാമത് പെരുന്നാളിന് കൊടിയേറി. വി. ദൈവമാതാവിന്റെ ജനന പെരുന്നാളിനോടനുബന്ധിച്ച് നടന്ന വി. കുർബാനക്ക് ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് മെത്രാപ്പോലീത്താ കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു. ഫീലിപ്പോസ് റമ്പാൻ സന്നിഹിതനായിരുന്നു. ഇടവകയുടെ പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദിമത്രയോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നിവർ നേതൃത്വം നൽകും.



ഈറോഡിന്റെ സ്വപ്ന സാക്ഷാത്ക്കാരം

മദ്രാസ് ഭദ്രാസനത്തിൻ കീഴിലുള്ള ഈറോഡ് കോൺഗ്രിഗേഷനു താൽക്കാലികമായി ലഭിച്ച സ്ഥലത്ത് വിശുദ്ധ കുർബ്ബാന ആരംഭിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പൊലീത്തയുടെ ആശീർവാദത്തോടെ വികാരി ഫാ. അനു കെ. എൽ. വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. തുടർന്നുള്ള എല്ലാ ഞായറാഴ്ചകളിലും രാവിലെ 7 മണിക്ക് പ്രഭാത നമസ്ക്കാരവും 8 മണിക്ക് വിശുദ്ധ കുർബ്ബാനയും നടത്തപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 9446275062



സംസ്ഥാന റസലിംഗ് ചാമ്പ്യൻഷിപ്പിൽ ഡിനു ബെന്നിക്ക് ഒന്നാം സ്ഥാനം ലഭിച്ചു

കരിമ്പ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും യുവജനപ്രസ്ഥാന പ്രവർത്തകനുമായ നടുവേലെപറമ്പിൽ ഡിനു ബെന്നിക്ക് സംസ്ഥാന റസിലിംഗ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടി.



ബസ്സേലിയോസ് ഭവന് അടിസ്ഥാന ശിലയിട്ടു

കോലഞ്ചേരി: പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ നാമധേയത്തിൽ കിഴുമുറി വലിയപള്ളി യുവജനപ്രസ്ഥാനം ഏറ്റെടുത്ത് നടത്തുന്ന ഭവന നിർമ്മാണ പദ്ധതിയായ ബസ്സേലിയോസ് ഭവന് ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് അടിസ്ഥാന ശിലാസ്ഥാപനം നിർവ്വഹിച്ചു.

വികാരി ഫാ. എബ്രഹാം കെ. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മാർ സേവേറിയോസ് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ. കാതോലിക്ക ബാവായുടെ നാമധേയത്തിൽ കണ്ടനാട് ഭദ്രാസനത്തിലെ ആദ്യത്തെ ഭവന നിർമ്മാണ പദ്ധതിയാണിതെന്നും ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യാൻ മുന്നിട്ടിറങ്ങിയ യുവജനപ്രസ്ഥാന അംഗങ്ങൾ മുക്തകണ്ഠം പ്രശംസ അർഹിക്കുന്നു എന്നും മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. പദ്ധതിക്ക് എല്ലാ വിധ പിന്തുണയും തിരുമേനി വാഗ്ദാനം ചെയ്തു. തുടർന്ന് ആദ്യ നിർമാണ ഫണ്ട് ശേഖരണവും തിരുമേനി നിർവഹിച്ചു. തുടർന്ന് 11 മണിക്ക് ബസേലിയോസ് ഭവൻ നിർമ്മാണ സ്ഥലത്തെത്തി പ്രാർത്ഥിച്ച് അടിസ്ഥാന ശില സ്ഥാപിച്ചു.

ചടങ്ങിൽ ഇടവക വൈദീകരായ ഫാ. പുളിയ്ക്കാശ്ശേരിൽ സ്ക്കറിയ കോറെപ്പിസ്ക്കോപ്പ, ഫാ. തോമസ് സാബു, പഞ്ചായത്ത് പ്രസിഡന്റ് ഇ. പി. ജോർജ്, മെംബറുമാരായ ജിജോ ഏലിയാസ്, ആലീസ് ജോർജ്, ബിജി രാജു, ട്രസ്റ്റി ടി. എസ്. തമ്പി, സെക്രട്ടറി റോയ് കുര്യൻ, സഭ മാനേജിംഗ് കമ്മിറ്റി അംഗം പ്രിൻസ് ഏലിയാസ്, യുവജന പ്രസ്ഥാനം സെക്രട്ടറി റെഷ്വിൻ റോയ്, പള്ളി മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, യുവജനപ്രസ്ഥാന അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മാതൃ ദേവാലയമായ മങ്ങാട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ സ്ഥാപിക്കുവാനുള്ള പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പരുമല സെമിനാരിയിൽ ഇന്ന് രാവിലെ നടന്ന വിശുദ്ധ കുർബ്ബാനയ്ക്കുശേഷം സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിക്ക് കൈമാറി. മങ്ങാട് പള്ളിവികാരി ഫാ. വി. എം. സാമുവേൽ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ ഡോ. എം. എസ്. യൂഹാനോൻ റമ്പാൻ എന്നിവർ പങ്കെടുത്തു



തിരുവനന്തപുരം ഭദ്രാസനം: കാതോലിക്കാ ദിന നിധി ശേഖരണം

തിരുവനന്തപുരം ഭദ്രാസനത്തിലെ തിരുവനന്തപുരം, കുലശേഖരം മണ്ഡലങ്ങളിലെ കാതോലിക്കാ ദിന നിധി ശേഖരണം സെപ്റ്റംബർ 10 വെള്ളിയാഴ്ച ഉള്ളൂർ ഹോളി ട്രിനിറ്റി അരമന ചാപ്പലിൽ വച്ചു നടന്നു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഡോ. ജോഷ്വാ മാർ നിക്കോദിമോസും അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മനും പ്രസംഗിച്ചു.

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് കാതോലിക്കാ ദിന നിധി ശേഖരണത്തിന് നല്കിയ സംഭാവനയുടെ രസീത് ജോഷ്വാ മാർ നിക്കോദീമോസിൽ നിന്ന് സ്വീകരിച്ചു. ചാത്തന്നൂർ ആയുർ, അഞ്ചൽ, കുളത്തൂപ്പുഴ മണ്ഡലങ്ങളിലെ കാതോലിക്കാ ദിന നിധി ശേഖരണം ഭദ്രാസന ഉപകേന്ദ്രമായ ഇടമുളക്കൽ വി. എം. ഡി. എം. സെന്ററിൽ വച്ച് നടന്നു.



സംസ്ഥാന അദ്ധ്യാപക അവാർഡ് ബാബുവിന്

ഇത്തവണത്തെ സംസ്ഥാന അധ്യാപക അവാർഡിന് പാലക്കാട് ഒലവക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ ഇടവകാംഗവും, കണ്ണാടി ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലുമായ ബാബു പി. മാത്യു അർഹനായി.



അങ്കമാലി ഭദ്രാസന മെത്രാപോലീത്ത യൂഹോനോൻ മാർ പോളിക്കാർപ്പോസിന്റെ നിത്യവുമുള്ള തിരുവചന പ്രഘോഷണ പരമ്പര 2000 ദിവസങ്ങൾ പിന്നിട്ട വേളയിൽ അങ്കമാലി ഭദ്രാസനത്തിലെ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് സിറിയൻ പള്ളിയും ഭക്തസംഘടനകളും ഇടവക വികാരിയുടെ നേതൃത്വത്തിൽ തിരുമേനിയെ ആദരിച്ചു.



ഇന്ധന സഹായവുമായി വള്ളികുന്നം പള്ളി യുവജനപ്രസ്ഥാനം

വള്ളികുന്നം: കോവിഡ് പ്രതിസന്ധി തരണം ചെയ്യുവാനായി പള്ളിയുടെ പരിസരങ്ങളിലുള്ള ഓട്ടോറിക്ഷാ തൊഴിലാളി സുഹൃത്തുക്കൾക്ക് ഇന്ധന സഹായ ഹസ്തവുമായി വള്ളികുന്നം സെന്റ് ജോർജ് യുവജനപ്രസ്ഥാനം മുന്നിട്ടിറങ്ങി. യുവജനപ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ട കോവിഡ് പ്രതിരോധന പദ്ധതിയായ അതിജീവനം വികാരി ഫാ. കോശി മാത്യു ഉത്ഘാടനം ചെയ്തു. കോവിഡ് പ്രതിരോധന ബോധവൽക്കരണത്തോടൊപ്പം, കോവിഡ് പ്രതിരോധന സാമഗ്രികളും ഓട്ടോറിക്ഷായ്ക്കുള്ള ഒരു ദിവസത്തേക്കുള്ള ഇന്ധന സഹായവും യുവജനപ്രസ്ഥാനം നൽകി. ഭദ്രാസന ജോയിന്റ് സെക്രട്ടറി എബിൻ കെ. ബേബി, പള്ളി കൈസ്ഥാനി സണ്ണി തടത്തിൽ, പള്ളി സെക്രട്ടറി ബേബി കുട്ടി, പ്രസ്ഥാനം മേഖല സെക്രട്ടറി സോനു, സെക്രട്ടറി ജിബിൻ, ട്രഷറാർ ജറിൻ, മീഡിയ കൺവീനർ സ്റ്റീഫൻ ഡി. ഫിലിപ്പ് എന്നിവർ നേതൃത്വം കൊടുത്തു. പ്രസ്ഥാനത്തിന്റെ കോവിഡ് അതിജീവന പ്രവർത്തനങ്ങളെ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അനുമോദിച്ചു.